# ഇന്തോ-സ്വിസ് ആയുർവേദ ഫൗണ്ടേഷൻ രൂപവത്കരിച്ചു

**കോയമ്പത്തൂർ:** ആയുർവേദ ചികിത്സാസമ്പ്രദായത്തിന് സമ്പൂർണ ചികിത്സാരീതിയെന്ന അംഗീകാരം നേടിക്കൊടുക്കുന്നതിന് ഇന്തോ-സ്വിസ് ആയുർവേദ ഫൗണ്ടേഷൻ (ഐ.എസ്.എ.) രൂപവത്കരിച്ചു.

നിയതമായ ക്ലിനിക്കൽ പ്രാക്ടീസുകളും ഗവേഷണവും അധ്യാപനരീതിയും രൂപപ്പെടുത്തി ആയുർവേദത്തിന് സ്വിറ്റ്സർലൻഡിൽ ഒരു സമഗ്ര ചികിത്സാസമ്പ്രദായമെന്ന അംഗീകാരം നേടുകയും അതിലൂടെ ലോകരാജ്യങ്ങളുടെയെല്ലാം അംഗീകാരം നേടിയെടുക്കുകയുമാണ് ഫൗണ്ടേഷന്റെ ലക്ഷ്യമെന്ന് സ്ഥാപകപ്രസിഡന്റ് ഡോ. സൈമൺ ഹൺസിങ്കർ കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയിൽ പത്രസമ്മേളനത്തിൽ പറഞ്ഞു.

ആയുർവേദ ചികിത്സാരീതികളെക്കുറിച്ചുള്ള ഗവേഷണം, ഡോക്യുമെന്റ് സ്റ്റഡീസ്, അന്താരാഷ്ട്ര ആയുർവേദിക് സമൂഹവുമായുള്ള ആശയവിനിമയം, ആശയവിനിമയത്തിനുള്ള സ്ഥിരംമാർഗമൊരുക്കൽ, ആയുർവേദത്തെ സംബന്ധിച്ചുള്ള പ്രധാന പുസ്തകങ്ങളുടെ പ്രസാധനം, ഇന്ത്യാ ഗവൺമെന്റും അന്താരാഷ്ട്ര ആയുർവേദ പ്രതിനിധികളുമായുള്ള ആശയവിനിമയത്തിന് വേദിയൊരുക്കുക എന്നിവ ഫൗണ്ടേഷൻ ഏറ്റെടുത്ത് നടപ്പാക്കും.



ഇന്തോ-സ്വിസ് ആയുർവേദ ഫൗണ്ടേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കോയമ്പത്തൂർ ആര്യവൈദ്യഫാർമസി മാനേജിങ്ഡയറക്ടർ പി.ആർ. കൃഷ്ണകുമാറും ഫൗണ്ടേഷൻ സ്ഥാപകപ്രസിഡന്റ് ഡോ. സൈമൺ ഹൺസിങ്കറും ധാരണാപത്രം കൈമാറുന്നു

കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയും ഗുജറാത്ത് നദിയാദിലെ ആയുർവേദകോളേജും ഐ.എസ്.എ.യിലെ പാർട്ണർമാരായി പ്രവർത്തിക്കും.

കോംപ്ലിമെന്ററി തെറാപിസ്റ്റുകളായും മെഡിക്കൽ പ്രാക്ടീഷണർമാരായും ആയുർവേദഡോക്ടർമാരെ അംഗീകരിക്കുന്ന നിയമഭേദഗതി സ്വിറ്റ്സർലൻഡ് പാസാക്കിയതായി ഡോ. ഹൺസിങ്കർ അറിയിച്ചു. സമാന്തര ചികിത്സാസമ്പ്രദായമായി ആയുർവേദത്തെ സ്വിസ് സർക്കാർ അംഗീകരിക്കുന്നതിനായി അലോപ്പതി ഡോക്ടർമാരുമായും നിയമനിർമാതാക്കളുമായും ഫൗണ്ടേഷൻ സഹകരിക്കും.

ഐ.എസ്.എ. ഭാരവാഹികൾ: സ്വിറ്റ്സർലൻഡിലെ മുൻ ഇന്ത്യൻ അംബാസഡർ സ്വഷ് പവൻ സിങ് (വൈ.പ്രസി.), ആനി കെയ്സർ (അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ).

കോയമ്പത്തൂർ ആര്യവൈദ്യഫാർമസി മാനേജിങ് ഡയറക്ടർ പി.ആർ. കൃഷ്ണകുമാർ, ആയുഷ് മുൻ സെക്രട്ടറി അനിത ദാസ്, ഇന്ത്യയിലെ മുൻ സ്വിസ് അംബാസഡർ ഫിലിപ്പ് വെൽറ്റി, പി.ഡി. പട്ടേൽ ആയുർവേദ ആസ്പത്രി മെഡിക്കൽസൂപ്രണ്ട് ശിവ്നസ്റെയ്ൻ ഗുപ്ത, ആര്യവൈദ്യഫാർമസി ഡെപ്യൂട്ടി ഡയറക്ടർ യു. ഇന്ദുലാൽ എന്നിവർ ഫൗണ്ടേഷന്റെ ഉപദേശകസമിതിയംഗങ്ങളാണ്.